ഉത്തരം

(എ) 489 പേർ

(ബി) 471 കുടുംബങ്ങൾക്ക്

(സി) 46.23 ലക്ഷംരൂപ

(ഡി) 18 കുടുംബങ്ങൾക്ക്

പൊതുമേഖലയിൽ ഒരു ക്ഷീരോൽപ്പന്ന വ്യവസായ സ്ഥാപനം

369 [401] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾ ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ സംസ്കരിച്ചു ക്ഷീരോൽപന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി പൊതുമേഖലയിൽ ഒരു വ്യവസായ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഓപ്പറേഷൻ ഫ്ളഡ്-II പദ്ധതിയനുസരിച്ച് ആലപ്പുഴ, തൃശൂർ ജില്ലകളിൽ ഓരോ ഡയറികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആലപ്പുഴ ഡയറിയിൽ പ്രതിദിനം ഒരു ലക്ഷം ''റെടി ബിക്ക്'' ''ഫ്ളേവേഡ് മിൽക്കു പാക്കറ്റുകളും ഐസ്ക്രീമും ഉൽപ്പാദിപ്പിക്കുന്നതാണ്. തൃശൂർ ഡയറിയിൽ ആരംഭിക്കുന്ന പാൽപ്പൊടി നിർമ്മാണ യൂണിറ്റിനു പ്രതിദിനം 5 ടൺ സ്ഥാപിതശേഷി ഉണ്ടായിരിക്കുന്നതുമാണ്.

മുത്തുച്ചിപ്പി വളർത്തുകേന്ദ്രം

370 [402] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന മുത്തുച്ചിപ്പി വളർത്തു കേന്ദ്രം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുതകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് 30-5-86 വരെ ചെലവായ തുക എത്ര;

(സി) പ്രസ്തുത കേന്ദ്രത്തിൽനിന്നും ലഭിച്ച ആദായം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. 30-10-84 ലെ ജി.ഒ.(എം).എസ്. 117/84/പി. ഡബ്ല്യു. എഫ്. ആൻറ്. പി.ഡി പ്രകാരം വിഴിഞ്ഞത്തെ മുത്തുച്ചിപ്പി വളർത്തു കേന്ദ്രം അടച്ചുപൂട്ടുവാൻ ഉത്തരവാക്കി.

(ബി) 14,58,951.85 രൂപ

(സി) ഉൽപാദിപ്പിച്ച മുത്തുകൾ ഒന്നും വിപണനം ചെയ്തിട്ടില്ല. ടി മുത്തുകൾ വില്ക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly